**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4312.

03.02.2014-ലെ മറുപടിയ്ക്ക്

**അഷ്ടമുടിക്കായൽ ടൂറിസം സർക്യൂട്ട് വികസനം.**

ചോദ്യം

ശ്രീ. പി.കെ.ഗുരുദാസൻ

ഉത്തരം

**ശ്രീ.എ.പി.അനിൽകുമാർ**
(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) അഷ്ടമുടിക്കായൽ ടൂറിസം സർക്യൂട്ട് വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) അഷ്ടമുടി ബാക്ക് വാട്ടർ റീജിയന്റെ ടൂറിസം വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 38,00,000/- രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്.

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിലവിൽ ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല. ദേശീയ തലത്തിലുള്ള ഏജൻസികളിൽ നിന്നും കോംപറ്റിറ്റീവ് ബിഡിംഗിലൂടെയാണ് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നത്. കൺസൾട്ടന്റിനെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൺസൾട്ടന്റിനെ തെരഞ്ഞെടുത്തതിനു ശേഷം നാലു മാസക്കാലയളവിനുള്ളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ?

(സി)യും (ഡി)യും

മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിനുശേഷമേ ഇതിൽ ഉൾപ്പെട്ട പദ്ധതികളുടെയും എസ്റ്റിമേറ്റിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ